# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3716 — 15.05.2017-ന് മറുപടി നൽകേണ്ടിയിരുന്നത്

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

| | ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | മറുപടി<br>നൽകിയിരുന്നത് | അന്തിമ മറുപടി |
|---|---|---|---|---|
| (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഓരോ നിയോജക മണ്ഡലത്തിലും സർക്കാർ ഇതുവരെ ചെയ്തതും ഇനി ചെയ്യാൻ ഉദ്ദേശിക്കുന്നതുമായ കാര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സർക്കാർ ഇതുവരെ നടപ്പാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>1) സംസ്ഥാനത്തെ ഓരോ നിയോജക മണ്ഡലത്തിലെയും ഓരോ സ്കൂൾ വീതം മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിനുവേണ്ടി നിയോജക മണ്ഡലം എം.എൽ.എയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 141 സ്കൂളുകളെ തെരഞ്ഞെടുക്കുകയും പ്രസ്തുത ലിസ്റ്റ് 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടത്തിൽ പദ്ധതി നിർവ്വഹണം നടത്തുന്നതിനായി കണ്ടെത്തിയിട്ടുള്ള 40 സ്കൂളുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകളിൽ 37 എണ്ണം പദ്ധതി നിർവ്വഹണത്തിനാവശ്യമായ ധനസഹായം ലഭ്യമാക്കുന്നതിനുവേണ്ടി 'കിഫ്ബി' പോർട്ടലിൽ അപ്ലോഡ് ചെയ്യുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സർക്കാർ ഇതുവരെ നടപ്പാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>1) സംസ്ഥാനത്തെ ഓരോ നിയോജക മണ്ഡലത്തിലെയും ഓരോ സ്കൂൾ വീതം മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിനുവേണ്ടി നിയോജക മണ്ഡലം എം.എൽ.എയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 141 സ്കൂളുകളെ തെരഞ്ഞെടുക്കുകയും പ്രസ്തുത ലിസ്റ്റ് 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടത്തിൽ പദ്ധതി നിർവ്വഹണം നടത്തുന്നതിനായി കണ്ടെത്തിയിട്ടുള്ള 40 സ്കൂളുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകളിൽ 37 എണ്ണം പദ്ധതി നിർവ്വഹണത്തിനാവശ്യമായ ധനസഹായം ലഭ്യമാക്കുന്നതിനുവേണ്ടി 'കിഫ്ബി' പോർട്ടലിൽ അപ്ലോഡ് ചെയ്യുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. |

| | | | | |
|---|---|---|---|---|
| | | | 2) പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ 8 മുതൽ 12 വരെയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതിയുടെ ആദ്യഘട്ടമായി സംസ്ഥാനത്തെ 4 നിയോജക മണ്ഡലങ്ങളിൽ പദ്ധതി നിർവ്വഹണം നടത്തിവരുന്നു.<br>3) അദ്ധ്യാപന- അദ്ധ്യയന തലങ്ങളിൽ കാലോചിതമായ മാറ്റം ഉറപ്പാക്കുന്നതിന്റെ ഭാഗമായി വിവര സാങ്കേതിക വിദ്യാധിഷ്ഠിതമായ പഠന പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ശിശുകേന്ദ്രീകൃതമായ അദ്ധ്യയനത്തിനുതകുന്ന വിധത്തിലുള്ള അദ്ധ്യാപക പരിശീലന പരിപാടികളും സർക്കാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. കൂടാതെ 'ഓൺ സൈറ്റ് സപ്പോർട്ടിംഗ് സംവിധാനം' ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നു.<br>4) പദ്ധതിയുടെ ഭാഗമായി എല്ലാ വിദ്യാലയങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ 2016-2017 അദ്ധ്യയന വർഷം മുതൽ നടപ്പിലാക്കിവരുന്നു.<br>5) കാർഷിക സംസ്കാരം വളർത്തിയെടുക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി 'ജൈവ വൈവിദ്ധ്യ ഉദ്യാനം' സ്ഥലലഭ്യതയുടെ അടിസ്ഥാനത്തിലും മണ്ഡലം എം.എൽ.എയുടെ ശിപാർശയുടെ അടിസ്ഥാനത്തിലും തെരഞ്ഞെടുക്കപ്പെട്ട | 2) പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ 8 മുതൽ 12 വരെയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതിയുടെ ആദ്യഘട്ടമായി സംസ്ഥാനത്തെ 4 നിയോജക മണ്ഡലങ്ങളിൽ പദ്ധതി നിർവ്വഹണം നടത്തിവരുന്നു.<br>3) അദ്ധ്യാപന- അദ്ധ്യയന തലങ്ങളിൽ കാലോചിതമായ മാറ്റം ഉറപ്പാക്കുന്നതിന്റെ ഭാഗമായി വിവര സാങ്കേതിക വിദ്യാധിഷ്ഠിതമായ പഠന പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ശിശുകേന്ദ്രീകൃതമായ അദ്ധ്യയനത്തിനുതകുന്ന വിധത്തിലുള്ള അദ്ധ്യാപക പരിശീലന പരിപാടികളും സർക്കാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. കൂടാതെ 'ഓൺ സൈറ്റ് സപ്പോർട്ടിംഗ് സംവിധാനം' ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നു.<br>4) പദ്ധതിയുടെ ഭാഗമായി എല്ലാ വിദ്യാലയങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ 2016-2017 അദ്ധ്യയന വർഷം മുതൽ നടപ്പിലാക്കിവരുന്നു.<br>5) കാർഷിക സംസ്കാരം വളർത്തിയെടുക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി 'ജൈവ വൈവിദ്ധ്യ ഉദ്യാനം' സ്ഥലലഭ്യതയുടെ അടിസ്ഥാനത്തിലും മണ്ഡലം എം.എൽ.എയുടെ ശിപാർശയുടെ അടിസ്ഥാനത്തിലും തെരഞ്ഞെടുക്കപ്പെട്ട |

| | | | | |
|---|---|---|---|---|
| | | | സ്കൂളുകളിൽ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.<br>6) അടിസ്ഥാന സൗകര്യ വികസനത്തിനായി തെരഞ്ഞെടുത്തിട്ടുള്ള സ്കൂളുകളുടെ ലിസ്റ്റ് 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.<br>പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായിചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾകൂടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br>1) മികവിന്റെ കേന്ദ്രങ്ങളായി ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള സ്കൂളുകൾ ഒഴികെയുള്ള സ്കൂളുകളുടെ പദ്ധതി നിർവ്വഹണം 2021-22 അദ്ധ്യയന വർഷത്തോടുകൂടി പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു.<br>2) 2017-18 അദ്ധ്യയന വർഷത്തോടുകൂടി ഹൈസ്കൂൾ, ഹയർ സെക്കന്ററി തലത്തിൽ എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കി മാറ്റാനാകുമെന്ന് കരുതുന്നു.<br>3) നിയോജക മണ്ഡലം അടിസ്ഥാനത്തിൽ എം.എൽ.എയുടെ ശിപാർശ കൂടി കണക്കിലെടുത്ത് എൽ.പി./യു.പി. സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.<br>4) 50 വർഷം, 100 വർഷം പൂർത്തിയാക്കിയ | സ്കൂളുകളിൽ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.<br>6) അടിസ്ഥാന സൗകര്യ വികസനത്തിനായി തെരഞ്ഞെടുത്തിട്ടുള്ള സ്കൂളുകളുടെ ലിസ്റ്റ് 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.<br>പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായിചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾകൂടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br>1) മികവിന്റെ കേന്ദ്രങ്ങളായി ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള സ്കൂളുകൾ ഒഴികെയുള്ള സ്കൂളുകളുടെ പദ്ധതി നിർവ്വഹണം 2021-22 അദ്ധ്യയന വർഷത്തോടുകൂടി പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു.<br>2) 2017-18 അദ്ധ്യയന വർഷത്തോടുകൂടി ഹൈസ്കൂൾ, ഹയർ സെക്കന്ററി തലത്തിൽ എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കി മാറ്റാനാകുമെന്ന് കരുതുന്നു.<br>3) നിയോജക മണ്ഡലം അടിസ്ഥാനത്തിൽ എം.എൽ.എയുടെ ശിപാർശ കൂടി കണക്കിലെടുത്ത് എൽ.പി./യു.പി. സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.<br>4) 50 വർഷം, 100 വർഷം പൂർത്തിയാക്കിയ |

| | | | | |
|---|---|---|---|---|
| | | | സ്കൂളുകൾക്ക് പ്രത്യേക പാക്കേജ് അടിസ്ഥാനത്തിൽ സഹായം നൽകുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്. | സ്കൂളുകൾക്ക് പ്രത്യേക പാക്കേജ് അടിസ്ഥാനത്തിൽ സഹായം നൽകുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് കാസർഗോഡ് ജില്ലയിൽ നിന്നും തെരെഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളുടെ പേരു വിവരം മണ്ഡലം തിരിച്ചു വ്യക്തമാക്കാമോ; | (ബി) | വിവരം ശേഖരിച്ചുവരുന്നു. | അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് കാസർഗോഡ് ജില്ലയിൽ നിന്നും 5 കോടി/3 കോടി പദ്ധതിയിലുൾപ്പെടുത്തി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള വിദ്യാലയങ്ങളുടെ നിയോജക മണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | എയ്ഡഡ് സ്കൂളുകൾക്ക് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുക; ഇത്തരത്തിൽ ആനുകൂല്യങ്ങൾ ലഭിക്കുന്ന കാസർഗോഡ് ജില്ലയിലെ വിദ്യാലയങ്ങളുടെ പേരു വിവരം മണ്ഡലം തിരിച്ചു നൽകാമോ? | (സി) | 8 മുതൽ 12 വരെയുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് ആക്കുന്ന പദ്ധതിയുടെ കൂടെ ഇംഗ്ലീഷ് ഭാഷാ പഠനത്തിന് പ്രാധാന്യം നൽകുന്ന പദ്ധതിയുടെയും ശിശുകേന്ദ്രീകൃതമായ അദ്ധ്യയനത്തിനുതകുന്ന വിധത്തിലുള്ള വിവിധ അദ്ധ്യാപക പരിശീലന പരിപാടികളുടെയും പ്രയോജനം സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും എയ്ഡഡ് വിദ്യാലയങ്ങൾക്കും ലഭ്യമാക്കുന്നതാണ്. | 8 മുതൽ 12 വരെയുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് ആക്കുന്ന പദ്ധതിയുടെ കൂടെ ഇംഗ്ലീഷ് ഭാഷാ പഠനത്തിന് പ്രാധാന്യം നൽകുന്ന പദ്ധതിയുടെയും ശിശുകേന്ദ്രീകൃതമായ അദ്ധ്യയനത്തിനുതകുന്ന വിധത്തിലുള്ള വിവിധ അദ്ധ്യാപക പരിശീലന പരിപാടികളുടെയും പ്രയോജനം സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും എയ്ഡഡ് വിദ്യാലയങ്ങൾക്കും ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | നിയോജക മണ്ഡലം | 5 കോടി പദ്ധതി | 3 കോടി പദ്ധതി |
|---|---|---|---|
| 1 | മഞ്ചേശ്വരം | മൊഗ്രാൽ ഗവ.വി.എച്ച്.എസ്.എസ്. | കുമ്പള ജി.എച്ച്.എസ്.എസ്. |
| 2 | കാസർഗോഡ് | തലങ്കര ഗവ. മുസ്ലിം വി.എച്ച്.എസ്.എസ്. | 1) ചെർക്കള സെൻട്രൽ ജി.എച്ച്.എസ്.എസ്.<br>2) മൊഗ്രാൽ പുത്തൂർ ജി.എച്ച്.എസ്.എസ്. |
| 3 | ഉദുമ | പെരിയ ഗവ.എച്ച്.എസ്.എസ്. | 1) ജി.എച്ച്.എസ്.എസ്., ബന്തടുക്ക<br>2) ജി.എച്ച്.എസ്.എസ്., അടൂർ<br>3) ജി.എച്ച്.എസ്.എസ്., കുണ്ടംകുഴി<br>4) ജി.എച്ച്.എസ്.എസ്., ഉദുമ |
| 4 | കാഞ്ഞങ്ങാട് | കക്കാട്ട് ഗവ.എച്ച്.എസ്.എസ്. | 1) ബെല്ലിക്കോത്ത് എം.പി.എസ്. ജി.എച്ച്.എസ്.എസ്.,<br>2) ജി.എച്ച്.എസ്.എസ്., ചായോത്ത്<br>3) ജി.എച്ച്.എസ്.എസ്., ബളാൻതോട്<br>4) ജി.എച്ച്.എസ്.എസ്., കാഞ്ഞങ്ങാട്<br>5) ജി.എച്ച്.എസ്.എസ്., മാലോത്ത്, കസബ |
| 5 | തൃക്കരിപ്പൂർ | പീലിക്കോട് സി. കൃഷ്ണൻനായർ സ്മാരക എച്ച്.എസ്.എസ്. | ജി.എച്ച്.എസ്.എസ്., കുട്ടമത്ത്. |

(signature)

സെക്ഷൻ ഓഫീസർ